# CDS Visit Report

Ancy Bose
OSS-D (ME)

October 25, 26 തീയതികളിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ CDS ൽ ഞാൻ സന്ദർശനം നടത്തി. അവിടെ ഞാൻ കണ്ടതും അറിഞ്ഞതുമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1 ദിവസം : CDS സന്ദർശനം

തിരുവനന്തപുരം ജില്ലയിൽ പെരുങ്കുഴി ജംഗ്ഷനിൽ കുടുംബശ്രീ CDS office സ്ഥിതി ചെയ്യുന്നു. CDS chairperson ഉൾപ്പെടെ 21 അംഗ ഭരണസമിതി പ്രവർത്തിച്ചു വരുന്നു. 5089 അംഗങ്ങൾ ഉൾപ്പെടുന്ന 335 അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നു.

CDS ന്റെ നേതൃത്വത്തിൽ അയൽക്കൂട്ടങ്ങളിൽ നിന്നും തുക സ്വരൂപിച്ച് രോഗിയായ ഭർത്താവും രണ്ട് മക്കളുമുള്ള Reena എന്ന യുവതിക്ക് ഒരു താൽക്കാലികമായി സുരക്ഷിതമായ സ്ഥലത്ത് ഒരു ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. CDS അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ ഏകീകൃത register തയ്യാറാക്കി ~~പ്രവർത്തനം~~ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു.

ആവശ്യങ്ങൾ –

1) CDS ഭരണസമിതി അംഗങ്ങൾക്ക് honorarium നൽകിയാൽ അവർക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കാൻ പ്രചോദനമാകും.
2) 6 മാസം കൂടുമ്പോൾ Sub Committe Training നടത്തുന്നത് നന്നായിരിക്കും.
3) വയോജന അയൽക്കൂട്ടത്തിന് registration ശരിയായി നൽകണം.

2-ാം ദിവസം

1. JLG — 4 പേരടങ്ങുന്ന JLG കണ്ടു. മഞ്ഞൾ, മുളക്, വാഴ എന്നിവ സ്വന്തം സ്ഥലത്തും പാട്ടത്തിന് സ്ഥലമെടുത്തും കൃഷി ചെയ്യുന്നു. മഴ കാരണം ചെറിയ തോതിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിലും ശുഭപ്രതീക്ഷയോടെയാണ് നോക്കികാണുന്നത്.

2. ആശ്രയ — അരൂർ പഞ്ചായത്തിലെ 1-ാം വാർഡായ തെറ്റിച്ചിറ വാർഡിലെ ശ്രീ. സുശീലൻ (72 വയസ്) രോഗിയാണ്. ഭാര്യ ശ്രീ. സുഭാഷിണി മാനസിക രോഗിയും. മക്കളില്ല. ചെളി കുഴച്ചുണ്ടാക്കിയ വീട് ഭാഗികമായും തകർന്നിട്ടുണ്ട്. വാസയോഗ്യം എന്ന് പറയാൻ കഴിയില്ല. വർഷങ്ങൾക്ക് മുമ്പ് Panchayat ൽ നിന്നും Life പദ്ധതി പ്രകാരം വീടിന് അർഹത ലഭിച്ചിരുന്നു. എന്നാൽ രോഗിയായ തനിക്ക് വീട് പണിയുടെ മേൽനോട്ട മേൽനോട്ട കാര്യങ്ങൾ ചെയ്യാൻ കഴിയാത്തതിനാൽ നിരസിച്ചു.

3. ME Unit — മയിൽപീലി എന്ന paper bag unit നല്ല രീതിയിൽ നടന്നു പോകുന്നു. 5 പേരടങ്ങുന്ന ടി യൂണിറ്റ് ഒരു കടമുറി വാടകയ്ക്ക് എടുത്ത് tailoring, photostate, paper bag നിർമ്മാണം എന്നിവ ചെയ്യുന്നുണ്ട്. Order ഇല്ലാത്ത ദിവസങ്ങളിൽ തൊഴിലുറപ്പ് പണിക്ക് പോകുന്നുണ്ട്. ടി തൊഴിൽ സംരംഭകർ പൂർണ്ണമായും സംതൃപ്തരാണ്.

## വയോജന അയൽക്കൂട്ടം

അടൂർ CDS ൽ ആകെ 4 വയോജന അയൽക്കൂട്ടമാണുള്ളത്. അതിൽ 2018 Nov 4 ന് ആരംഭിച്ച സായം സന്ധ്യ എന്ന അയൽക്കൂട്ടം സന്ദർശിച്ചു. വളരെ സന്തോഷത്തോടെ 18 അയൽക്കൂട്ടാംഗങ്ങൾ വാർദ്ധക്യസഹജമായ രോഗങ്ങളെല്ലാം ബഹിഷ്കരിച്ച് അവിടെ കൂടിയിരുന്നു. അയൽക്കൂട്ടാംഗങ്ങൾ ചേർന്ന് മത്സ്യകൃഷി ആരംഭിച്ച കാര്യം വളരെ അഭിമാനത്തോടെ പങ്കുവച്ചു.

ആവശ്യങ്ങൾ – 1) മത്സ്യകൃഷി, തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കയും ആയതിന് വേണ്ട loan സഹായം നൽകണം
2) Register ബുക്കുകൾ free-ആയി തരണം.
3) Secretary, President — ഒരു സ്ത്രീയും, ഒരു പുരുഷനുമാവണം.

## സാധാരണ അയൽക്കൂട്ടം

അടൂർ പഞ്ചായത്തിലെ 16-ാം ward ലെ പുനർജനി അയൽക്കൂട്ടം സന്ദർശിച്ചു. വളരെ സന്തോഷത്തോടും അഭിമാനത്തോടും കുടുംബശ്രീ തങ്ങളുടെ കുടുംബങ്ങളിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് സംസാരിച്ചു. ഒരു വരുമാന മാർഗവുമില്ലായിരുന്ന തങ്ങൾക്ക് കുടുംബശ്രീയിലൂടെ ചെറുകിട സംരംഭങ്ങൾ രൂപീകരിച്ച് വീട്ടിലും നാട്ടിലും തങ്ങളുടെ വ്യക്തിത്വം തെളിയിക്കാൻ കഴിഞ്ഞെന്നും ~~ഒരു~~ അയൽക്കൂട്ടാംഗങ്ങൾ പറയുകയുണ്ടായി.

ആവശ്യങ്ങൾ — 1) വീട്ടുമുറ്റത്തൊരു bank (മുറ്റത്തെ മുല്ല) തുടങ്ങിയാൽ നന്നായിരിക്കും.

(P.T.O)

2) Training നടക്കുമ്പോൾ അവരവരുടെ area യിൽ (പോയിവരാൻ സൗകര്യപ്രദം) ലഭ്യമായാൽ പങ്കെടുക്കാൻ സാധിക്കും.

<u>കണ്ടതും മനസ്സിലാക്കിയതുമായ കാര്യങ്ങൾ</u>

- CDS ന് കുടുംബശ്രീ പ്രോജക്ടുകളെക്കുറിച്ചുള്ള ധാരണക്കുറവ് കാണാൻ കഴിഞ്ഞു.
- താഴെത്തട്ടിലേക്ക് കൃത്യമായി വിവരങ്ങൾ എത്തുന്നില്ല.
- അർഹരായവർക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
- സംസാരത്തിനായി ഏറ്റവും മികച്ച അയൽക്കൂട്ടത്തെ CDS കാണിച്ചു തരുന്നു.